(ബി) നിലവിലുള്ള റേഷൻകടയുടെ ലൈസൻസി മരണമടഞ്ഞാൽ അദ്ദേഹത്തിന്റെ നിയമാനുസൃത അവകാശിക്ക് ലൈസൻസ് അനുവദിച്ച് നൽകാൻ നിയമമുണ്ട്.

(സി) ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്ന കേസുകളിൽ കാലതാമസം കൂടാതെ തന്നെ ലൈസൻസ് നൽകാൻ നടപടി സ്വീകരിക്കുന്നുണ്ട്.

കൊട്ടാരക്കരയിൽ സപ്ലൈകോയുടെ പുതിയ ഗോഡൗൺ

57 (2535) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കരയിൽ സപ്ലൈകോയുടെ പുതിയ ഗോഡൗൺ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) പുതിയ ഗോഡൗൺ ഏതു സ്ഥലത്താണ് ആരംഭിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2-2-2011-ന് സപ്ലൈകോ ഡയറക്ടർ ബോർഡർ തീരുമാനം എടുത്തു. നടപടി ക്രമങ്ങൾ തുടരുന്നു.

(സി) കൊട്ടാരക്കര വില്ലേജിൽ റെയിൽവേ സ്റ്റേഷനു സമീപം 68/08 സർവ്വേ നമ്പറിലുള്ള 7.04 സെന്റ് പട്ടയ ഭൂമിയിലാണ് പുതിയ ഗോഡൗൺ ആരംഭിക്കുന്നത്.

ശ്രാവൺകുമാർ ട്രേഡേഴ്സ് എന്ന സ്ഥാപനം നൽകിയ കേസിന്റെ നടത്തിപ്പ്

58 (2536) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷനെതിരെ ശ്രാവൺകുമാർ ട്രേഡേഴ്സ് എന്ന സ്ഥാപനം നൽകിയ ഒ.എസ്. 109/06-ാം നമ്പർ കേസിൽ 14,36,284 രൂപ 24% വാർഷികപലിശ സഹിതം ഗുണ്ടൂർ കുടുംബകോടതിയിൽ അടയ്ക്കണമെന്ന് വിധി വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സപ്ലൈകോ കക്ഷിയാകുന്ന കേസുകളുടെ ജൂറിസ്ഡിക്ഷൻ കൊച്ചിയായി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ ഗുണ്ടൂർ കുടുംബകോടതിയിൽ ഈ കേസ് എത്തിയതെങ്ങനെ എന്നന്വേഷിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കേസ് സിവിൽസപ്ലൈസ് കോർപ്പറേഷനുവേണ്ടി നടത്തിയത് ആരാണ്; ഈ കാലയളവിൽ കോർപ്പറേഷന്റെ ലീഗൽ അഡ്വൈസർ ആരായിരുന്നു; അതേ ലീഗൽ അഡ്വൈസർ ഇപ്പോഴും തുടരുന്നുണ്ടോ ;

(ഡി) ഇത്തരത്തിൽ ഒരു വിധിക്ക് ആധാരമായ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കേസ് ഫയൽ ചെയ്തിരിക്കുന്നത് ശ്രാവൺ കുമാർ ട്രേഡേഴ്സ്, ഗുണ്ടൂർ ആണ്. കേസ് എവിടെ ഫയൽ ചെയ്യണമെന്ന് തീരുമാനിക്കുന്നത് പെറ്റീഷനർ ആണ്.

(സി) അഡ്വക്കേറ്റ് എസ്. രാമകൃഷ്ണ, ചൈതന്യ നഗർ, ഗുണ്ടൂർ ആണ്. കോർപ്പറേഷനുവേണ്ടി കേസ് നടത്തിയത്. ഈ കേസ് കോടതി പരിഗണിച്ച കാലയളവിൽ കോർപ്പറേഷനിൽ ലാ ആഫീസർ ഇല്ലായിരുന്നു. കാളിറ്റി അഷ്വറൻസ് മാനേജർ ശ്രീ. രവികുമാർ ഭരണ വിഭാഗം മാനേജർ ശ്രീ. കെ. കെ. ബാലകൃഷ്ണൻ എന്നിവരാണ് പ്രസ്തുത കാലയളവിൽ ലാ ആഫീസറുടെ ചാർജ് വഹിച്ചിരുന്നത്.

(ഡി) പ്രസ്തുത എക്സ്-പാർട്ടി വിധി അസാധുവാക്കുന്നതിന് അതേ കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്. പ്രസ്തുത വിധിയുടെ നടത്തിപ്പ് ഹർജി എറണാകുളം ജില്ലാ കോടതി സ്റ്റേ ചെയ്തിട്ടുമുണ്ട്. പ്രസ്തുത കോടതികളുടെ തീർപ്പുകൾ കോർപ്പറേഷൻ താല്പര്യത്തിനെതിരായി വന്നാൽ അപ്പീൽ അടക്കമുള്ള വ്യവഹാരം തുടരുന്നതാണ്.

പാചകവാതക ഏജൻസികൾക്കെതിരെ നടപടികൾ

59 (2537) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക വിതരണത്തിൽ ക്രമക്കേടുകൾ നടത്തിയ എത്ര പാചകവാതക ഏജൻസികൾക്കെതിരെ കഴിഞ്ഞ ഒരുവർഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് ഏജൻസികളുടെ പേരുവിവരം ഉൾപ്പെടെ ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) പാചകവാതക വിതരണത്തിലെ ക്രമക്കേടും സിലിണ്ടറിലെ അളവിലെ കുറവും പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കർശനമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly